MISS. ANNIE MASCARENE : ആ പരാതികളിന്മേൽ എന്തെങ്കിലും പരിഹാരം നൽകിയിട്ടുണ്ടോ ?

HON'BLE MR. T. K. NARAYANA PILLAI : പരിഹാരം നൽകിയിട്ടില്ല. എന്തു പരിഹാരം നൽകാമെന്നു ഗവണ്മെൻറു് ആലോചിച്ചുകൊണ്ടിരിക്കുകയാണു്.

MISS ANNIE MASCARENE : ഇത്തരം നിയമനങ്ങൾ ജനകീയഗവണ്മെൻറിന്റെ സൽപ്പേരിനെ കളങ്കപ്പെടുത്തുന്നതാണെന്നറിയാമോ ?

HON'BLE MR. T. K. NARAYANA PILLAI : അതു് ഓരോരുത്തരുടെ അഭിപ്രായത്തെ അടിസ്ഥാനമാക്കിയിരിക്കുന്നതാണു്.

MISS ANNE MASCARENE : ഇപ്പോലെയുള്ള നിയമനങ്ങൾ ഇതിനു മുമ്പു് ഉണ്ടായിട്ടുണ്ടോ ?

HON'BLE MR. T. K. NARAYANA PILLAI : ഇതിനുമുമ്പു പല നിയമനങ്ങളും ഉണ്ടായിട്ടുണ്ടു്.

MISS ANNIE MASCARENE : ഒരു ഡിപ്പാർട്ടുമെൻറിൽനിന്നും മറ്റൊരു ഡിപ്പാർട്ടുമെൻറിലേക്കു് റിക്കൂട്ടു ചെയ്യുമ്പോൾ പലരുടേയും തലക്കു മീതെ ആരെയെങ്കിലും പോസ്റ്റു ചെയ്തിട്ടുണ്ടോ ?

HON'BLE MR. T. K. NARAYANA PILLAI : അങ്ങിനെ നടന്നിട്ടുള്ളതിനും ഉദാഹരണങ്ങൾ ഉണ്ടു്.

MISS ANNIE MASCARENE : അതിനുള്ള ന്യായം എന്താണെന്നു പറയാമോ ?

HON'BLE MR. T. K. NARAYANA PILLAI : അതിനുള്ള ന്യായത്തെപ്പറ്റി ഇപ്പോൾ പറയാൻ നിവൃത്തിയില്ല. ഈ ഒരു നിയമനത്തെപ്പറ്റിമാത്രമാണു് ചോദ്യം.

MISS ANNIE MASCARENE : മി. പ്രോകരൻനായരെ നിയമിക്കുന്നതിനു് വല്ല പ്രത്യേക യോഗ്യതകളും ഉണ്ടോ ?

HON'BLE MR. T. K. NARAYANA PILLAI : ബി. എ. പാസായിട്ടുണ്ടു്. വേറെ വല്ല യോഗ്യതയുമുണ്ടോ എന്നറിഞ്ഞുകൂടാ ?

Written Answers.

പരിഷ്കരിച്ച ഫീസ് സംബന്ധിച്ചുള്ള പട്ടിക.

*174. **MR. P. C. ADICHAN :** താഴെ കാണുന്ന ചോദ്യങ്ങൾക്കു് ബഹു. വിദ്യാഭ്യാസമന്ത്രി സദയം മറുപടി പറയുമോ ?

LIBRARY ARCHIVES Kerala Legislative Assembly

(എ) പരിഷ്കരിച്ച ഫീസ് സൗജന്യപ്പട്ടികയിൽ പ.ജ.പ ശതമാനം സാക്ഷരതപ്പുള്ള പല സമുദായങ്ങൾക്കും ഫീസ സൗജന്യം നൽകുകയും ഫ.ൻ.പ ശതമാനം മാത്രം സാക്ഷരതപ്പുള്ള വർണ്ണവസമുദായത്തെ ഫീസ് സൗജന്യപ്പട്ടികയിൽ ഉൾപ്പെടുത്താതിരിക്കുകയും ചെയ്തിരിക്കുന്നതു എന്തുകൊണ്ടാണെന്നു പ്രസ്താവിക്കാൻ ബഹു. ഗവണ്മെൻറിനു ദയവുണ്ടാകുമോ ?

(ബി) അതുസംബന്ധിച്ച ഗവണ്മെൻറ് ആർഡ.ിന്റെ കാപ്പി സഹിതം വല്ല മെമ്മോറിയലും ബഹു. ഗവണ്മെൻറിനു ലഭിച്ചിട്ടുണ്ടോ ?

HON'BLE MR. N. KUNJURAMAN: (*a*) They are not treated as a separate community, so far as fee concession is concerned.

(*b*) Yes.

താമസഭൂമി ഇല്ലാത്തവർ.

* 175. MR. P. C. ADICHAN: താഴെ കാണുന്ന ചോദ്യത്തിന് ബഹു. ലാൻറ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ ?

സ്വന്തമായി താമസിക്കുവാൻ ഭൂമിയില്ലാത്തവർക്കായി താമസസൗകര്യത്തിനു വല്ല പരിപാടിയും ബഹു. ഗവണ്മെൻറ് കൈക്കൊണ്ടിട്ടുണ്ടോ എന്നു സദയം പറയാമോ ?

HON'BLE MR V. O. MARKOS: ഇതുവരെ കൈക്കൊണ്ടിട്ടില്ല.

പയൽസ്കൂൾ.

* 176. MR. P. C. ADICHAN: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹു. പിന്നോക്കസമുദായ സംരക്ഷകവകുപ്പുമന്ത്രി സദയം മറുപടി പറയുമോ ?

(എ) പിന്നോക്കസമുദായഡിപ്പാർട്ടുമെൻറിൽ ആകെയുള്ള പയൽസ്കൂൾ എത്രയെന്നും, ആകെ ഈ സ്കൂളുകളിൽ എത്ര അദ്ധ്യാപകന്മാർ പഠിപ്പിക്കുന്നുണ്ടെന്നും സദയം പറയാൻ ദയവുണ്ടാകുമോ ?

(ബി) ടി ഡിപ്പാർട്ടുമെൻറിന്റെ കീഴിൽ ആകെയുള്ള വായനശാലകൾ എത്രയെന്നു പറയുവാൻ ദയവുണ്ടാകുമോ ?

(സി) ടി ഡിപ്പാർട്ടുമെൻറിൽ ആകെ എത്ര നിശാപാഠശാലകൾ ഉണ്ടെന്നു ബഹു. ഗവണ്മെൻറ് സദയം പറയുമോ ?

HON'BLE MR. T. K. NARAYANA PILLAI:

(*a*) Total number of pial schools ... 24.
Total number of teachers ... 36.

(*b*) 67.

(*c*) 49.

LIBRARY ARCHIVES Kerala Legislative Assembly